(ബി) കാസർഗോഡ് ജില്ലയിലും പാലക്കാട് ജില്ലയുടെ ചില ഭാഗങ്ങളിലും അയിത്തം ആചരിക്കപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) അയിത്തം ആചരിക്കുന്നതു സംബന്ധിച്ചുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് വകുപ്പിന്റെ കീഴിൽ രണ്ട് പ്രത്യേക മൊബൈൽ സ്ക്വാഡുകൾ കാസർഗോഡ് ജില്ലയിലും പാലക്കാട് ജില്ലയിലും രൂപീകരിച്ചും ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഹരിജനങ്ങൾക്കുനേരെയുള്ള കുറ്റകൃത്യങ്ങളെസംബന്ധിച്ചുള്ള കേസുകൾ സത്വരമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള പൂർണ്ണ ചുമതല ഡപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ (പി. സി. ആർ.) നേരിട്ടുള്ള നിയന്ത്രണത്തിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അയിത്താചരണ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി സ്ഥലത്തെ സന്നദ്ധ സംഘടനകളെ സംഘടിപ്പിച്ചുകൊണ്ട് ടി സാമൂഹ്യ തിൻമക്കെതിരെ വ്യാപകമായ രീതിയിൽ പ്രചരണപരിപാടികളും പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

താളിയോല ഗ്രന്ഥങ്ങളുടെ നശീകരണം

166. [231]. ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-ൽ പാലാ പോലീസ് സ്റ്റേഷനതിർത്തിയിൽ വെച്ച് ഒരു പുരാതന ഈഴവ വൈദ്യ കുടുംബത്തിലെ താളിയോല ഗ്രന്ഥങ്ങൾ ഒരു പറ്റം ആളുകൾ കാറിലും ഓട്ടോറിക്ഷയിലും വന്നു വടി, വാൾ തുടങ്ങിയ മാരകായുധങ്ങൾ കാട്ടി പട്ടാപ്പകൽ മീനച്ചിൽ കാവുക്ഷേത്രമുറ്റത്തുവച്ച് പിടിച്ചു പറിച്ചുകൊണ്ടുപോയതായി കേസ് ഉണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിൽ പ്രതികളെ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(സി) പ്രതികൾ ആരെന്നു തിരിച്ചറിഞ്ഞിട്ടുണ്ടോ ;

(ഡി) കേസ് ചാർജ് ചെയ്തിട്ടുണ്ടോ ;

(ഇ) കേസിലെ തൊണ്ടി സാധനങ്ങളായ വിലപ്പെട്ട വൈദ്യഗ്രന്ഥങ്ങൾ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

(എഫ്) കേസിലെ പ്രതികൾ കവർച്ചക്കുവേണ്ടി ഉപയോഗിച്ച കാർ, ഓട്ടോറിക്ഷ, വടി, വാൾ ഉൾപ്പെടെയുള്ള മാരകായുധങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ ;

(ജി) കേസ് തെളിയിക്കുവാൻ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്മാർ അലംഭാവം കാട്ടിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.
(ബി, സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ഇല്ല.
(എഫ്) ഇല്ല.
(ജി) അലംഭാവം കാണിച്ചിട്ടില്ല.
(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly